# SCIENCE AND TECHNOLOGY

# PSLV C53

❖ DS-EO മിഷൻ വിക്ഷേപിച്ചത്?

2022 8 30

❖ വിക്ഷേപണ സ്ഥലം?

സതീഷ് ധവാൻ സ്പേസ് സെന്റർ, ശ്രീ ഹരിക്കോട്ട

❖ ന്യൂ സ്പേസ് ഇന്ത്യാ ലിമിറ്റഡിന്റെ (NSIL) 2-ാമത്തെ സമ്പൂർണ്ണ വാണിജ്യ ദൗത്യമാണിത്.

❖ PSLV യുടെ 55-ാമത്തെ ദൗത്യമാണിത്.

❖ ഈ വിക്ഷേപണത്തിൽ സിംഗപ്പൂരിന്റെ എത്ര ഉപഗ്രഹങ്ങളാണ് ഭ്രമണപഥത്തിലെത്തിച്ചത്

3 [DSEO (365kg), NeuSAR (155kg), SCOOB 1 (2.8kg)]

❖ ഭൂമിയുടെ വർഗ്ഗീകരണത്തിനും ദുരന്തനിവാരണആവശ്യങ്ങൾക്കും, മാനുഷിക സഹായത്തിനും വേണ്ട പൂർണ വർണ ചിത്രങ്ങൾ എടുക്കുന്നതിനായി വിക്ഷേപിച്ച ഉപഗ്രഹം

DS-EO

- സിംഗപ്പൂരിലെ NTU സ്കൂൾ ഓഫ് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക് എഞ്ചിനീയറിംഗിലെ സാറ്റലൈറ്റ് റിസർച്ച് സെന്ററിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പരിശീലന പരിപാടിയായ സ്റ്റുഡന്റ് സാറ്റലൈറ്റ് സീരീസിലെ ആദ്യ ഉപഗ്രഹം.

SCOOB 1

# ആദിത്യ എൽ 1

- സൂര്യനെ അടുത്ത് അറിയാനും വിവരങ്ങൾ ശേഖരിക്കാനുമുള്ള ഇന്ത്യയുടെ ആദ്യത്തെ സൗരദൗത്യം

ആദിത്യ എൽ 1



- ഭൂമിയും സൂര്യനുമിടയിലുള്ള ലഗ്രാഞ്ജിയൻ പോയിന്റ് ഒന്ന് (എൽ 1)ൽ നിന്നും സൂര്യനെക്കുറിച്ചുള്ള പഠനം നടത്താനുള്ള പദ്ധതി.

ആദിത്യ

- എൽ 1 പോയിന്റിന്റെ പ്രത്യേകത

സൂര്യനെ മുഴുവൻ സമയവും തടസ്സങ്ങളില്ലാതെ

കാണാൻ കഴിയുന്നു

- വിക്ഷേപണ വാഹനം

PSLV – XL

# ഇൻസാറ്റ് – 4B

❖ അടുത്തിടെ ISRO വിജയകരമായി ഡീകമ്മീ ഷൻ ചെയ്ത വിവര വിനിമയ ഉപഗ്രഹം

ഇൻസാറ്റ് – 4B

❖ ഇന്ത്യയുടെ 21–ാമത് ജിയോ സ്റ്റേഷനറി ഉപഗ്രഹം

ഇൻസാറ്റ് – 4B

# ചന്ദ്രയാൻ 3

- ❖ഐ.എസ്.ആർ.ഒ യുടെ മൂന്നാമത്തെ ചാന്ദ്ര ദൗത്യം

ചന്ദ്രയാൻ 3

- ❖ചന്ദ്രയാൻ 3 ന്റെ പ്രോജക്ട് ഡയറക്ടർ

പി. വീരമുത്തുവേൽ

- ❖വിക്ഷേപണ വാഹനം

ജി.എസ്.എൽ.വി മാർക്ക് 3

- ഇന്ത്യയുടെ മൂന്നാം ചാന്ദ്രദൗത്യത്തിന്റെ (ചന്ദ്രയാൻ– 3) ആദ്യ ചിത്രങ്ങൾ പുറത്തു വിട്ട ഐ.എസ്.ആർ.ഒ.യുടെ ഡോക്യുമെന്ററി

## സ്പേസ് ഓൺ വീൽസ്

- ആസാദി കാ അമൃത് മഹോത്സവ് ആഘോ ഷങ്ങളുടെ ഭാഗമായി ഇന്ത്യ വിക്ഷേപിച്ച 75 ഉപഗ്രഹങ്ങൾ പ്രദർശിപ്പിക്കുന്ന ISRO യുടെ സൈറ്റിൽ പോസ്റ്റ് ചെയ്ത സ്പേസ് ഓൺ വീൽസ് എന്ന ഡോക്യുമെന്ററിയുടെ ഭാഗ മായാണ് ചാന്ദ്രദൗത്യ ചിത്രങ്ങൾ പുറ ത്തുവിട്ടത്.

- നോർവെയ്ക്കു വേണ്ടി കൊച്ചിൻ കപ്പൽ ശാല നിർമിച്ച വൈദ്യുത കപ്പലുകൾ

മാരിസ്, തെരേസ



## ഇ.ഒ.എസ് 04

- കൃഷി, വനം, തോട്ടം, മണ്ണിന്റെ ഈർപ്പം, ജലശാസ്ത്രം, ഫ്ളഡ് മാപ്പിംഗ് തുടങ്ങിയവയ് ക്കായി, ഏത് കാലാവസ്ഥയിലും ഭൂമിയിലെ ഉയർന്ന നിലവാരമുള്ള ചിത്രങ്ങളെടുക്കുന്ന റഡാർ ഇമേ ജിംഗ് ഉപഗ്രഹം.
- ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നുള്ള 80-ാമത് വിക്ഷേപണ വാഹന ദൗത്യമാണിത്.

❖ കോവിഡിന് ശേഷമുള്ള ഇന്ത്യയുടെ ആദ്യ ഉപ്ഗ്രഹ വിക്ഷേപണം

ഇ.ഒ.എസ് (RISAT 1A)

❖ 2022 ലെ ISRO യുടെ ആദ്യ വിക്ഷേപണം

RISAT 1A(2022 ഫെബ്രുവരി 14)

❖ വിക്ഷേപണ വാഹനം

PSLVC 52

❖ ഭാരം – 1710kg

❖ കാലാവധി

10 വർഷം

# പ്രളയ്

- ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച ബാലിസ്റ്റിക് മിസൈൽ.
- പ്രതിരോധ ഗവേഷണ വികസന സംഘടന (DRDO) നിർമ്മിച്ച ഹ്രസ്വ ദൂര ഉപരിതല മിസൈൽ.
- വിക്ഷേപിച്ച് കഴിഞ്ഞ് നിശ്ചിത ദൂരം പിന്നിട്ട് കഴിഞ്ഞാൽ ഗതിമാറാൻ കഴിയും.
- 150–500 വരെ കി.മീ. ദൂരപരിധിയിലുള്ള ലക്ഷ്യത്തെ തകർക്കാൻ കഴിയും.
- പ്രളയ് മിസൈൽ വിക്ഷേപിച്ചത്

APJ അബ്ദുൽ കലാം ദ്വീപ്, ബാലസോർ, ഒഡീഷ

❖ 2022 ൽ ഇന്ത്യൻ ആർമിയുടെ പർവത് പ്രഹാർ എക്സർസൈസ് നടന്നത്

ലഡാക്ക്

❖ പ്രഥമ ഇന്ത്യ യു. കെ സംയുക്ത Tri-Ser vice exercise

Konkan Shakti 2021

❖ 2021 നവംബറിൽ ഇന്ത്യൻ എയർ ഫോഴ്സ് പങ്കെടുത്ത ഇന്റർനാഷണൽ മൾട്ടിലാറ്ററൽ കോംബാറ്റ് എക്സർസൈസ്

Blue Flag 2021

❖ Blue Flag 2021 എന്ന അന്താരാഷ്ട്ര അഭ്യാസം അടുത്തിടെ അവസാനിപ്പിച്ച രാജ്യം

ഇസ്രായേൽ

❖ ആൻഡമാൻ നിക്കോബാറിൽ ഇന്ത്യ സായുധ സൈന്യം സംയുക്തമായി നടത്തിയ അഭ്യാസ പ്രകടനം

അംഫെക്സ് 21

❖ അടുത്തിടെ ഇന്ത്യൻ വ്യോമസേന ആദ്യമായി പങ്കെടുത്ത Annual Multinational Large Force Employment Warfare Exercise

Deseart  Flag VI (UAE)

# S.S.L.V : ആദ്യ ദൌത്യം പരാജയം

- ചെറിയ ഉപഗ്രഹങ്ങളെ ഭ്രമിക്കടുത്തുള്ള ഭ്രമണ പഥങ്ങളിൽ എത്തിക്കുന്നതിന് ഐ.എസ്.ആർ.ഒ. രൂപകൽപ്പന ചെയ്ത സ്മോൾ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റെ (SSLV) ആദ്യ വിക്ഷേപണം പരാജയപ്പെട്ടു.
- ഭൗമനിരീക്ഷണ ഉപഗ്രഹമായ "ഇ.ഒ.എസ് – 02 നെയും' രാജ്യത്തെ 75 സർക്കാർ സ്കൂളുകളിലെ 750 പെൺകുട്ടികൾ ചേർന്നു നിർമ്മിച്ച "ആസാദി സാറ്റിനെയും ഭ്രമണപഥത്തിൽ എത്തിക്കാനാണ് SSLV യുടെ ആദ്യ ദൗത്യം വിക്ഷേപിച്ചത്.
- പെൺകുട്ടികളിൽ ശാസ്ത്രഗവേഷണാഭിരുചി വളർത്തുകയെന്നത് ലക്ഷ്യമിട്ടാണ് ആസാദിസാറ്റ് എന്ന കുഞ്ഞൻ ഉപഗ്രഹം വിക്ഷേപിച്ചത്.

- ബഹിരാകാശ ഗവേഷണ സ്ഥാപനമായ സ്പേസ് കിഡ്സിന്റെ നേതൃത്വത്തിൽ ഈ ഉപഗ്രഹ നിർമ്മാണത്തിൽ പങ്കാളികളായവരിൽ കേരളത്തിലെ മങ്കട, ചേരിയം, ജി.എച്ച്.എസ്സിലെ പത്തു കുട്ടികളും ഉൾപ്പെടുന്നു.
- "ബേബി റോക്കറ്റ്" എന്നാണ് SSLV വിശേഷിപ്പി ക്കപ്പെടുന്നത്.
- രണ്ടുമീറ്റർ വ്യാസവും 34 മീറ്റർ ഉയരവുമാണ് SSLV യ്ക്കുള്ളത്
- 2022 ആഗസ്റ്റ് 7 –നാണ് SSLV മിഷൻ വിക്ഷേപിച്ചത്.

# ജി–സാറ്റ് 24

- ഐ.എസ്.ആർ.ഒ വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കുറ്റൻ വാർത്താവിനിമയ ഉപഗ്രഹമാണ് ജി–സാറ്റ് 24.
- ജി–സാറ്റ് 24 വിക്ഷേപിച്ചത്

2022 ജൂണ് 23

- ഫ്രെഞ്ച് ഗയാനയിലെ കൗറുവിൽ നിന്നാണ് G–SAT24 വിക്ഷേപിച്ചത്. ഏരിയൻ 5 എന്ന റോക്കറ്റി ലാണ് G–SAT 24 ഭ്രമണപഥത്തിലെത്തിയത്.
- ജിസാറ്റ് 24 –ന്റെ ഭാരം – 4180 kg

- DTH ആപ്ലിക്കേഷൻ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പാൻ ഇന്ത്യ കവറേജുള്ള 24Ku ബാൻഡ് ആശയ വിനിമയ ഉപഗ്രഹമാണ് ജി–സാറ്റ് 24.
- ഉപഗ്രഹത്തിന്റെ ടെലിവിഷൻ സംപ്രേഷണ ശേഷി പൂർണമായും ടാറ്റാപ്ളേ എന്ന കമ്പനിയ്ക്ക് 15 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിരിക്കുകയാണ്.
- ഐ.എസ്.ആർ.ഒയുടെ വാണിജ്യ ഏജൻസി യായ ന്യൂ സ്പേസ് ഇന്ത്യ വഴിയാണ് ഉപഗ്രഹ ങ്ങൾ സ്വകാര്യ ഏജൻസികൾക്ക് പാട്ടത്തിന് നൽകുന്നത്.

❖ ആദ്യമായാണ് ഒരു ഇന്ത്യൻ ഉപഗ്രഹം സാര്യ കമ്പനിയ്ക്ക് പാട്ടത്തിന് നൽകുന്നത്.

❖ ഉപയോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് ഉപഗ്രഹം നിർമ്മിച്ച് വിക്ഷേപിക്കുന്ന "ഡിമാന്റ് ഡിവൺ' പദ്ധതിയിലെ ആദ്യ ഉപഗ്രഹമാണ്

ജിസാറ്റ് – 24.

# ഡോർണിയർ – 228

- ❖ രാജ്യത്താദ്യമായി നിർമ്മിച്ച വാണിജ്യാടി സ്ഥാനത്തിലുള്ള യാത്രാ വിമാനം സർവ്വീസ് ആരംഭിച്ചത്
- ❖ അസമിലെ ദിബ്രുഗഡിൽ നിന്ന് അരുണാചൽ പ്രദേശിലെ പ്രസിഘട്ടിലേക്ക്
- ❖ പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് നിർമ്മിക്കുന്ന ഡോർണിയർ – 228 വിമാനങ്ങളാണ് സർവ്വീസിന് ഉപയോഗിക്കുന്നത്.

# സമുദ്രയാൻ ദൗത്യവാഹനത്തിന്റെ ആദ്യപരീക്ഷണം   വിജയം

- ആഴക്കടൽ പര്യവേക്ഷണത്തിനായി മനുഷ്യനെ അയക്കുന്നതിനുള്ള ഇന്ത്യയുടെ പദ്ധതി

**സമുദ്രയാൻ**

- ഐ.എസ്.ആർ.ഒ യുമായി സഹകരിച്ച് ചെന്നൈ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി അംഗങ്ങൾ ആഴ കടൽ പര്യവേക്ഷണം നടത്താൻ തയ്യാറെ ടുക്കുന്ന സമുദ്രയാൻ പദ്ധതിയുടെ ദൗത്യ വാഹനം

**മത്സ്യ – 6000**

❖ 2021 ഓഗസ്റ്റിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡിലേക്ക് കമ്മീഷൻ ചെയ്ത Offshore Patrol Vessel ശ്രേണിയിലെ കപ്പൽ

ഐ.സി. ജി.എസ്. വിഗ്രഹ



- ക്ഷീരപഥത്തിൽ ഗംഗോത്രി വേവ് എന്ന വാതക മേഘഘടന കണ്ടെത്തിയ ഇന്ത്യൻ ശാസ്ത്രജ്ഞ

വി.എസ്.വീണ (കോട്ടയം സ്വദേശിനി)

- 6000 മുതൽ 13,000 വരെ പ്രകാശ വർഷം അകലത്തിലാണ് ഇവയെന്ന് കണ്ടെത്തി.
- 9 ദശലക്ഷം സൂര്യന്മാരുടെ പിണ്ഡ മാണ് ഇവിടെ സ്ഥിതി ചെയ്യുന്ന തെന്നും ഗവേഷണത്തിൽ പറയുന്നു.

## ആമസോണിയ 1

- വിക്ഷേപിച്ച തീയതി – ഫെബ്രുവരി 28,2021
- വിക്ഷേപണ സ്ഥലം – ശ്രീഹരിക്കോട്ട
- ഐ.എസ്.ആർ.ഒ യുടെ നേതൃത്വത്തിൽ വിക്ഷേപിച്ച ബ്രസീലിന്റെ ഭൗമനിരീക്ഷണ ഉപഗ്രഹമായ ആമസോണിയ 1 ലക്ഷ്യസ്ഥാനത്തെത്തിച്ച വാഹനം

PSLV C51

- PSLV യുടെ 53-ാം ദൗത്യമാണിത്.
- ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നുള്ള 78-ാമത് വിക്ഷേപണ വാഹനദൗത്യമായിരുന്നു ഇത്.
- ആമസോണിയ കൂടാതെ മറ്റ് 18 ഉപഗ്രഹ ങ്ങളെയും ലക്ഷ്യസ്ഥാനത്തെത്തിച്ചു.
- 2021 ലെ ഐ എസ് ആർ ഒ യുടെ ആദ്യ ദൗത്യ മാണിത്.
- ആമസോൺ കാടുകളിലെ വന നശീകരണം കണ്ടുപിടിക്കലാണ് ആമസോണിയ 1 ന്റെ പ്രധാന ദൗത്യം.

- ആമസോണിയ 1 ന്റെ ഭാരം – 637 കിലോഗ്രാം
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ചിത്രം, ഭഗവ ത്ഗീതയുടെ ഇലക്ട്രോണിക് പതിപ്പ്, 25,000 ഇന്ത്യൻ പൗരൻമാരുടെ പേരുകൾ എന്നിവ ഈ ദൗത്യത്തിന്റെ ഭാഗമായി ബഹിരാകാശ ത്തേയ്ക്ക് അയച്ചു.
- Space Kidz India യുടെ സതീഷ് ധവാൻ SAT (SD SAT) ഉം വിജയകരമായി ഭ്രമണപഥത്തിലെത്തിച്ചു.

❖ ISRO യുടെ പുതിയ വാണിജ്യവിഭാഗമായ ന്യൂ സ്പെയ്സ് ഇന്ത്യ ലിമിറ്റഡിന്റെ (NSIL) ആദ്യ സമ്പൂർണ വാണിജ്യ വിക്ഷേപണമാണ്

ആമസോണിയ – I

❖ ഈ ദൗത്യത്തോടെ പണം വാങ്ങി ഉപഗ്രഹങ്ങൾ വിക്ഷേപിക്കുന്ന ബഹിരാകാശ ഗവേഷണ ഏജൻസികളുടെ ഗണത്തിലേക്ക് ഐ എസ് ആർ ഒ എത്തി.

- വ്യാജ വാർത്തകൾ, സൈബർ സുരക്ഷ, ട്രാഫിക് ബോധ വൽക്കരണം തുടങ്ങിയ വിഷയ ങ്ങൾ ക്കൊപ്പം പോലീസിനെതി രായ തെറ്റായ പ്രചരണങ്ങൾക്കു മറുപടി നൽകുവാനുമായി കേരള പോലീസ് ആരംഭിച്ച വീഡിയോ സീരീസിലെ നായക കഥാപാത്രം (ആനിമേഷൻ കഥാപാത്രം)

കിട്ടു



# ഗെയിൽ പൈപ്പ് ലൈൻ പദ്ധതി

❖ ഇന്ത്യയിലെ ഏറ്റവും വലിയ ഗ്രീൻ ഹൈഡ്രജൻ പ്ലാന്റ് നിർമ്മിക്കുന്ന കമ്പനി

GAIL (India)Ltd

❖ GAIL ന്റെ പൂർണ്ണരൂപം

Gas Authority of India Limited

❖ ഗെയിൽ പൈപ്പ് ലൈൻ പദ്ധതി ബന്ധിപ്പിക്കുന്നത്

കൊച്ചി – മംഗളൂരു

- കൊച്ചി മംഗളൂരു പൈപ്പ് ലൈൻ പദ്ധതി ഉദ്ഘാടനം ചെയ്തത്

നരേന്ദ്ര മോദി (2021 ജനുവരി 5)

- കൊച്ചി – മംഗളൂരു ഗെയിൽ പൈപ്പ് ലൈനിന്റെ നീളം

450 കി.മീ

(കേരളത്തിൽ കൂടി കടന്നുപോകുന്ന ദൂരം –414 കി.മീ)

- ഗെയിൽ പൈപ്പ് ലൈനിൽ ഉപയോഗിക്കുന്ന വാതകം

(LNG) ലിക്വിഫൈഡ് നാച്വറൽ ഗ്യാസ്

## പുതിയ ഗ്യാലക്സിയെ കണ്ടെത്തി ഇന്ത്യ

- 136 ദശലക്ഷം പ്രകാശവർഷം അകലെയുള്ള മങ്ങിയതും നക്ഷത്രം രൂപപ്പെടുന്നതുമായ ഒരു ഗ്യാലക്സിയെ ഇന്ത്യൻ ഗവേഷകർ കണ്ടെത്തി.
- ജ്യോതിയാദവ്, മൗസുമിദാസ്, സുധാൻഷു ബാർവെ എന്നിവരടങ്ങുന്ന ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോ ഫിസിക്സിലെ ഗവേഷകരും പാരീസിലെ ചെയർ ഗ്യാലക്സി എറ്റ് കോസ്മോളജിയിലെ ഫ്രാങ്കോയിസ് കോംബ്സും ചേർന്നാണ് NGC 6902A എന്ന് പേരിട്ട ഗ്യാലക്സിയെ കണ്ടെത്തിയത്.

- ഇന്ത്യയുടെ ദൂരദർശിനിയായ ആസ്ട്രോസ്റ്റാറ്റ് ഉപയോഗിച്ചാണ് പുതിയ ഗ്യാലക്സിയെകണ്ടെത്തിയത്.

